പ്രീ- മാരിറ്റൽ കൗൺസിലിങ് നിർബന്ധമാക്കണം: വനിതാ കമ്മീഷൻ

കൊച്ചി: : പ്രീ– മാരിറ്റൽ കൗൺസിലിങ് നിർബന്ധമാക്കണമെന്നും വിവാഹം രജിസ്റ്റർ ചെയ്യുന്ന സമയത്ത് പ്രീ – മാരിറ്റൽ കൗൺസിലിങ് നടത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്നും വനിതാ കമ്മീഷൻ. ഇത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകിയതായി വനിതാ കമ്മീഷൻ അദ്ധ്യക്ഷ പി. സതീദേവി പറഞ്ഞു.
28, 29 തീയതികളിൽ വൈഎംസിഎ ഹാളിൽ നടന്ന അദാലത്തിൽ 162 പരാതികൾ പരിഗണിച്ചു. 31 പരാതികൾ തീർപ്പാക്കുകയും 13 പരാതികളിൽ കമ്മീഷൻ റിപ്പോർട്ട് തേടി. 118 കേസുകൾ അടുത്ത അദാലത്തിലേക്ക് മാറ്റി.

വിമുക്തി ദീപം തെളിയിക്കൽ

കൊച്ചി: എക്സൈസ് വകുപ്പിന് കീഴിലെ വിമുക്തി ലഹരി വർജന മിഷന്റെ നേതൃത്വത്തിൽ ഇന്ന് 6ന് ജില്ലയിലെ 14 കേന്ദ്രങ്ങളിൽ ലഹരിക്കെതിരെ വിമുക്തി ദീപം തെളിയിക്കും.
മഹാത്മാഗാന്ധിയുടെ 152 മത് ജന്മദിനാഘോഷത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ സന്ദേശമുയർത്തിയാണ് ദീപം തെളിയിക്കൽ സംഘടിപ്പിക്കുന്നത്. കളമശ്ശേരി ജംഗ്ഷനിൽ മന്ത്രി പി. രാജീവ്,എറണാകുളത്ത് ചാത്യാത്ത് ചർച്ചിന് മുന്നിൽ ടി.ജെ.വിനോദ് എം.എൽ.എ, തൃപ്പൂണിത്തുറ സ്റ്റാറ്റ്യൂ ജംഗ്ഷനിൽ കെ.ബാബു എം.എൽ.എ, പാലാരിവട്ടം ജംഗ്ഷനിൽ പി.ടി. തോമസ് എംഎൽഎ, കൊച്ചിയിൽ കെ.ജെ മാക്സി എം.എൽ.എ, നായരമ്പലത്ത് കെ.എൻ.ഉണ്ണികൃഷ്ണൻ എം.എൽ.എ, പറവൂർ കവലയിൽ വി.ഡി. സതീശൻ എം.എൽ.എ, ആലുവ ഗാന്ധി സ്ക്വയറിൽ അൻവർ സാദത്ത് എം.എൽ.എ, അങ്കമാലി കെ.എസ്.ആർ.ടി.സി സ്റ്റാൻഡിന് മുന്നിൽ റോജി. എം.ജോൺ എം.എൽ.എ, കരിമുഗൾ ഗാന്ധി സ്ക്വയറിൽ പി.വി.ശ്രീനിജിൻ എം.എൽ.എ, പെരുമ്പാവൂർ ഗാന്ധി സ്ക്വയറിൽ എൽദോസ് കുന്നപ്പിള്ളി എം.എൽ.എ, കോതമംഗലം ഗാന്ധി സ്ക്വയറിൽ ആന്റണി ജോൺ എം.എൽ.എ, മൂവാറ്റുപുഴ ഗാന്ധി സ്ക്വയറിൽ മാത്യു കുഴൽനാടൻ എം.എൽ.എ, പിറവം ടൗണിൽ അനൂപ് ജേക്കബ് എം.എൽ.എ എന്നിവർ ദീപം തെളിയിക്കൽ ഉദ്ഘാടനം ചെയ്യും.

മയക്കു മരുന്നുമായി പിടിയിൽ

കൊച്ചി: കാക്കനാട് നവോദയ മില്ലുംപടി ജംഗ്ഷനിലുള്ള ഡി.ഡി മിസ്തി ഹിൽസ് ഫ്ളാറ്റിൽ നിന്നും മയക്കു മരുന്നിനത്തിൽ പ്പെട്ട എം.ഡി.എം.എ യും ഹാഷിഷ് ഓയിലുമായി യുവാവ്തൃക്കാക്കര പോലീസിന്റെ പിടിയിലായി. തൃക്കാക്കര പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
പി.വി ബേബിക്ക് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് ഫ്ളാറ്റിൽ നടത്തിയ പരിശോധനയിലാണ് കൊല്ലം സ്വദേശിയായ ബ്രില്യൻ ജി മാത്യൂ (28) മയക്കു മരുന്നുമായി പോലീസിന്റെ പിടിയിലായത്. തൃക്കാക്കര പോലീസ് ഇൻസ്പെക്ടർ ആർ.ഷാബുവിന്റെ നിർദ്ദേശ പ്രകാരം സബ്ബ് ഇൻ

● നീണ്ട ഇളവേളയ്ക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ തിങ്കളാഴ്ച തുറക്കുമ്പോൾ കുട്ടികളെ വരവേൽക്കാനായി അധ്യാപകരുടെ നേതൃത്വത്തിൽ എങ്ങും തയാറെടുപ്പുകൾ തകൃതിയായി നടക്കുന്നു. എറണാകുളം എസ്.ആർ.വി സ്കൂളിൽ നിന്നുള്ള ദൃശ്യം. മംഗളം

കേരളപ്പിറവി ദിനത്തിൽ മെട്രോയിൽ 50 ശതമാനം നിരക്കിളവ്

കൊച്ചി: കേരളപ്പിറവി ദിനത്തിൽ എല്ലാ യാത്രക്കാർക്കും ടിക്കറ്റ് നിരക്കിന്റെ 50 ശതമാനം ഇളവ് നൽകാൻ കൊച്ചി മെട്രോ തീരുമാനിച്ചു. ക്യൂആർ ടിക്കറ്റുകൾ, കൊച്ചി 1 കാർഡ്, ട്രിപ്പ് പാസുകൾ എന്നിവയുമായി യാത്ര ചെയ്യുന്ന എല്ലാ യാത്രക്കാർക്കും ഇത് പ്രയോജനകരമാണ്. ലോക്ക് ഡൗണിന് ശേഷം റവന്യൂ സർവീസുകൾ പുനരാരംഭിച്ചതിനാൽ ദിവസേനയുള്ള യാത്രക്കാരുടെ എണ്ണം ദിനംപ്രതി വർധിച്ചു.
നിലവിൽ 35000–ൽ അധികം യാത്രക്കാരായി. നവംബർ ഒന്നുമുതൽ തിരക്കേറിയ സമയത്തു 7 മിനിറ്റ് ഇടവേളകളിലും തിരക്കുറഞ്ഞ സമയത്തു 8 മിനിറ്റ് 15 സെക്കൻഡ് ഇടവേളകളിലുമായി ട്രെയിനുകൾ ഓടിക്കാൻ തീരുമാനിച്ചു. ടിക്കറ്റ് നിരക്കുകൾ കുറയ്ക്കുന്നതിനുള്ള ഉപഭോക്താക്കളുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, കൊച്ചി മെട്രോ കഴിഞ്ഞ 20 മുതൽ ഫ്ലെക്സി ഫെയർ സിസ്റ്റം അവതരിപ്പിച്ചു. ഫ്ലെക്സി ഫെയർ സിസ്റ്റത്തിൽ, തിരക്കില്ലാത്ത സമയങ്ങളിൽ എല്ലാ യാത്രക്കാർക്കും രാവിലെ ആറു മുതൽ 8 മണിവരെയും രാത്രി എട്ടുമുതൽ 11 മണി വരെയുമാണ് കൊച്ചി മെട്രോ ടിക്കറ്റ് നിരക്കിന്റെ 50 ഇളവ് അനുവദിക്കുന്നത്. തിരക്കില്ലാത്ത സമയങ്ങളിൽ യാത്ര ചെയ്യുന്ന എല്ലാ യാത്രക്കാർക്കും ഇത് പ്രയോജനകരമാണ്. കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് കെ എം ആർ എൽ യാത്രക്കാർക്കായ് വിവിധ സ്റ്റേഷനുകളിൽ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കും.

നോട്ടീസിൽ പി.ടി.തോമസിനെ ആദ്യം ഒഴിവാക്കി, പിന്നെ കൂട്ടി ചേർത്തു

● പി.ടിയെ ഒഴിവാക്കിയുള്ള നോട്ടീസ്

● പി.ടി.തോമസിനെ ഉൾപ്പെടുത്തി രണ്ടാമത് പുറത്തിറക്കിയ നോട്ടീസ്

കാക്കനാട്: എം.പി. പങ്കെടുക്കുന്ന നഗരസഭാ എൽ.പി. സ്കൂൾ ഉദ്ഘാടനച്ചടങ്ങിൽ പ്രോട്ടോക്കോൾ പ്രകാരം സ്ഥലം എം.എൽ.എയെ ഒഴിവാക്കി നോട്ടീസടിച്ചത് വൻ വിവാദത്തിലേക്ക്.ഐ വിഭാഗം ബോധപൂർവം എ ഗ്രൂപ്പുകാരനായ പി.ടി.തോമസ് എം.എൽ.എയെ ഒഴിവാക്കിയെന്നാണ് ആക്ഷേപം. ഇതിനെതിരെ എ വിഭാഗം കൗൺസിലർമാർ രംഗത്ത് വന്നതോടെ പി.ടി.തോമസിന്റെ പേര് വച്ച് രണ്ടാമതും നോട്ടീസ് അച്ചടിക്കുകയായിരുന്നു. തൃക്കാക്കരയിലെ എ, ഐ, ഗ്രൂപ്പ് പോര് ഇതോടെ മറ നീക്കി പുറത്തു വരികയാണ്.
കെ.പി.സി.സി. വർക്കിംഗ് പ്രസിഡന്റും തൃക്കാക്കര എം.എൽ.എയുമായ പി.ടി തോമസാണ് എൽ.പി.സ്കൂളിന്റെ പുതിയ ബ്ലോക്കിന് തറക്കല്ലിട്ടത്. പണി പൂർത്തിയായപ്പോൾ എം.എൽ.എയെ ഒഴിവാക്കി ഐ ഗ്രൂപ്പ് നേതാവും എം.പി.യുമായ ഹൈബി ഈഡനെ ഉദ്ഘാടകനും, നഗരസഭാധ്യക്ഷ അജിതാ തങ്കപ്പനെ അധ്യക്ഷയാക്കിയതുമാണ് ഇപ്പോൾ വിവാദമായിട്ടുള്ളത്.

ഇടമലയാർ വിടണമെങ്കിൽ പന്തപ്ര മാത്രം പരിഹാരമെന്ന് അറാക്കപ്പ് നിവാസികൾ

● പ്രതികൂല കാലാവസ്ഥയിൽ ആശ്രയം കാത്ത് ആദിവാസികൾ

കോതമംഗലം: ഇടമലയാർ ട്രൈബൽ ഹോസ്റ്റൽ ഒഴിയാൻ തയാറെന്നും എന്നാൽ പന്തപ്രയിൽ സ്ഥലം നൽകുക മാത്രമാണ് അന്തിമ പോംവഴിയെന്നും അറാക്കപ്പ് ഊരുമൂപ്പൻ തങ്കപ്പൻ പഞ്ചൻ.
അറാക്കപ്പിൽ നിന്നും ഇവിടേക്കെത്തിയത് ജീവിതം വഴിമുട്ടിയപ്പോഴാണ്. കഴിഞ്ഞ മഴയിലും അറാക്കപ്പിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലുമുണ്ടായി. അവിടെയുണ്ടായിരുന്ന ഒട്ടേറെ കുടുംബങ്ങൾ ദുരിതാശ്വാസ ക്യാമ്പിലാണ്.
ഇപ്പോൾ സർക്കാർ അവിടേക്കായി ചില പദ്ധതികൾ പ്രഖ്യാപിച്ചതായി അറിയുന്നു. എന്നാൽ തൊഴിലെടുത്ത് ജീവിക്കാനാവില്ലാത്ത മണ്ണിലേക്ക് തിരികെയില്ല. ജൂലൈ ആറിന് ഇടമലയാർ വൈശാലി ഗുഹ പ്രദേശത്ത് കുടിൽ കെട്ടിയ അറാക്കപ്പിൽ നിന്നുള്ള 12 കുടുംബങ്ങളെ ഇടമലയാർ ട്രൈബൽ ഹോസ്റ്റലിലേക്ക് വനം വകുപ്പ് മാറ്റി പാർപ്പിച്ചപ്പോൾ ഇക്കാര്യത്തിൽ തുടർനടപടികളുണ്ടാവുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ 38 പേരടങ്ങുന്ന ഈ കുടുംബങ്ങൾ സ്കൂൾ തുറക്കുന്നതിന്റെ ഭാഗമായി ഹോസ്റ്റലിൽ ഒഴിയണമെന്ന് അടുത്തിടെ ടി.ഡി.ഒ. കത്ത് നൽകി. ഇത് അംഗീകരിക്കുന്നു.
കുട്ടികളുടെ വിദ്യാഭ്യാസം തടസപ്പെടുത്താനില്ല. എന്നാൽ ജില്ല കലക്ടർ അടക്കമുള്ള ഉദ്യോഗസ്ഥർ ഹോസ്റ്റലിൽ എത്തി ചർച്ച നടത്തി പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിച്ചാൽ മാത്രമേ ഇവിടെ നിന്ന് ഇറങ്ങുകയുള്ളു.
ഇക്കാര്യം കാണിച്ച് ടി.ഡി.ഒയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. പന്തപ്രയിൽ 535 ഏക്കർ വനഭൂമി വനാവകാശ നിയമപ്രകാരം 285 കുടുംബക്കൾക്കായി മാറ്റി വച്ചിട്ടുണ്ട്. അതിൽ 67 കുടുംബങ്ങളാണ് താമസിക്കുന്നത്. ബാക്കി ഭൂമി വെറുതെ കിടക്കുകയാണ്.
പന്തപ്ര നൽകിയെങ്കിൽ മാത്രമേ ഹോസ്റ്റലിൽ നിന്ന് മാറുകയുള്ളുവെന്നും ഊരുമൂപ്പൻ പറഞ്ഞു. റാണി മണിക്കുട്ടനും കാര്യങ്ങൾ വിശദീകരിച്ചു.

ആസ്റ്ററിൽ ബലൂൺ ക്രയോഅബ്ലേഷൻ

കൊച്ചി: അസാധാരണ ഹൃദയമിടിപ്പ് കാരണം നെഞ്ചിൽ വെള്ളം കെട്ടി അപകടാവസ്ഥയിലായ 53 വയസുകാരിയെ ബലൂൺ ക്രയോഅബ്ലേഷൻ ചികിത്സയിലൂടെ രക്ഷിച്ചു. ആസ്റ്റർ മെഡ്സിറ്റിയിലായിരുന്നു ചികിത്സ.
ഹൃദയമിടിപ്പ് പുനഃസ്ഥാപിക്കാൻ സഹായിക്കുന്ന ഏറ്റവും നൂതനവും വിജയകരവുമായ പ്രക്രിയയാണു ബലൂൺ ക്രയോഅബ്ലേഷൻ. രോഗിയുടെ കാലിലെ രക്തധമനിയിലൂടെ കടത്തിവിടുന്ന കത്തീറ്റർ നൂതന ഇമേജിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഹൃദയത്തിലേക്ക് എത്തിക്കുന്നു. നൈട്രസ് ഓക്സൈഡ് വാതകത്തിന്റെ സഹായത്താൽ രക്തം കട്ടപിടിച്ചിരിക്കുന്ന ഭാഗം തണുപ്പിക്കുന്നു. കുറഞ്ഞ താപനിലയിൽ തന്നെ ബലൂണിന്റെ സഹായത്താൽ പ്രക്രിയ പൂർത്തിയാക്കുന്നതിനാൽ മറ്റ് കോശങ്ങൾക്ക് നാശം സംഭവിക്കുന്നില്ല.
വേദനാരഹിതവും, മറ്റ് ഹൃദയശസ്ത്രക്രിയകളെ അപേക്ഷിച്ച് തികച്ചും സുരക്ഷിതവുമാണിതെന്നും ആസ്റ്റർ മെഡ്സിറ്റിയിലെ കൺസൽട്ടന്റ് കാർഡിയോളജിസ്റ്റും ഇലക്ട്രോഫിസിയോളജിസ്റ്റുമായ ഡോ.പ്രവീൺ ശ്രീകുമാർ പറഞ്ഞു.
അസാധാരണമായ ഹൃദയമിടിപ്പ് സംഭവിക്കുന്ന അരിത്മിയ എന്ന അവസ്ഥയുള്ള രോഗികളിലാണ് ഈ ചികിത്സാമാർഗം സ്വീകരിക്കുന്നത്. രാജ്യത്ത് തന്നെ ആദ്യമായി ക്രയോഅബ്ലേഷൻ ചികിത്സാരീതി വിജയകരമായി അവതരിപ്പിക്കുന്ന സെന്ററുകളിലൊന്നാണ് ആസ്റ്റർ മെഡ്സിറ്റി.

ഏരിയ സമ്മേളനം തുടങ്ങാനിരിക്കെ സി.പി.എമ്മിൽനിന്നു രാജി

പള്ളുരുത്തി: സി.പി.എം. കൊച്ചി ഏരിയ സമ്മേളനം ഇന്ന് ആരംഭിക്കാനിരിക്കെ പാർട്ടിയിൽ പൊട്ടിത്തെറി. സമ്മേളന പ്രതിനിധിയും മുൻ ലോക്കൽ സെക്രട്ടറിമാരും ഉൾപ്പെടെ അഞ്ച് പേർ പാർട്ടിയിൽനിന്നു രാജിവച്ചു. സമ്മേളന പ്രതിനിധിയും ഫോർട്ട്കൊച്ചി ലോക്കൽ കമ്മിറ്റിയംഗവും കോഞ്ചേരി ബ്രാഞ്ച് സെക്രട്ടറിയുമായ പി.എ.എം അഷറഫ്, മുൻ ഫോർട്ട്കൊച്ചി ലോക്കൽ സെക്രട്ടറിയും സി.ഐ.ടി.യു. കൊച്ചി ഏരിയ വൈസ് പ്രസിഡന്റും മുൻ ഏരിയ കമ്മിറ്റിയംഗവും ആദ്യ കാല സി.പി.എം. നേതാവും മുൻ മേയറുമായിരുന്ന ടി.എം. മുഹമ്മദിന്റെ മകൻ മുഹമ്മദ് അബ്ബാസ്, കെട്ടിട നിർമാണ തൊഴിലാളി യൂണിയൻ സെക്രട്ടറി കെ.കെ. ബാബു, മുൻ മട്ടാഞ്ചേരി ലോക്കൽ സെക്രട്ടറി എ.എച്ച് നൗഷാദ്, മുൻ ഫോർട്ട്കൊച്ചി ലോക്കൽ കമ്മിറ്റിയംഗം ടി.കെ രാജൻ എന്നിവരാണ് പാർട്ടിയിൽനിന്നു രാജിവച്ചതായി പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ചത്.
തങ്ങളോടൊപ്പം പാർട്ടി അംഗങ്ങളും അനുഭാവികളുമായ ഇരുന്നൂറോളം പേർ രാജിവയ്ക്കുമെന്നും ഇവർ അവകാശപ്പെട്ടു. നേതൃത്വത്തിന്റെ സംഘടന വിരുദ്ധ നിലപാടുകളിൽ പ്രതിഷേധിച്ചാണു തങ്ങൾ പാർട്ടി വിടുന്നതെന്ന് ഇവർ പറഞ്ഞു. പാർട്ടി ഭരണഘടനയേയും കമ്മ്യൂണിസ്റ്റ് സംഘടന തത്വങ്ങളേയും തള്ളിയാണ് കൊച്ചിയിലെ നേതൃത്വം മുന്നോട്ട് പോകുന്നത്. തങ്ങളുടെ ഇംഗിതത്തിനു കൂട്ട് നിൽക്കാത്തവരെ പുകച്ച് പുറത്ത് ചാടിക്കുകയെന്ന നിലപാടാണ് സ്വീകരിക്കുന്നത്. മേൽഘടകം ഇക്കാര്യങ്ങളിൽ പുലർത്തുന്ന നിസംഗത ഇവർക്ക് ശക്തി പകരുന്നതായും ഇവർ ആരോപിച്ചു. കൊച്ചിയിലെ നേതൃത്വം ഒരു കോക്കസിന്റെ പിടിയിലാണ്. തൊഴിലാളി വർഗ രാഷ്ട്രീയം കച്ചവട രാഷ്ട്രീയത്തിന് കീഴ്പ്പെടുകയാണെന്നും. രാജിവച്ചവർ പറഞ്ഞു.
കൊച്ചിയിലെ പ്രധാന തൊഴിൽ മേഖലയായ ഫിഷറീസ് ഹാർബറിൽ സി.ഐ.ടി.യുവിന്റെ പ്രതാപം നഷ്ടപ്പെടുത്തുകയാണ്.ഇത് മുതലെടുത്ത് വർഗീയ സംഘടനകൾ അവരുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നു. പാർട്ടി എടുക്കുന്ന പല നിലപാടുകളും ജനങ്ങൾക്ക് എതിരാകുന്നു. ഫോർട്ട്കൊച്ചി സ്വീവേജ് പ്ലാന്റിന്റെ കാര്യത്തിൽ ജനങ്ങളുടെ ആശങ്ക പങ്ക് വെക്കുവാനും അത് തിരിച്ചറിയുവാനും ജനപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് കഴിയണം. അതിനെതിരെ ശബ്ദിച്ചപ്പോൾ അച്ചടക്കത്തിന്റെ വാളോങ്ങുകയാണെന്നും മുഹമ്മദ് അബ്ബാസ് ആരോപിച്ചു.
ലോക്കൽ സമ്മേളനങ്ങളിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളെ വെട്ടിനിരത്തി.
വഴിയോര കച്ചവട മേഖലയിലെ പാർട്ടി ബ്രാഞ്ച് ഇല്ലാതാക്കി. പാർട്ടി സമ്മേളനങ്ങൾ പ്രഖ്യാപിച്ചാൽ അംഗങ്ങളെ ട്രാൻസ്ഫർ ചെയ്യരുതെന്ന നിർദേശം കൊച്ചിയിൽ കാറ്റിൽ പറത്തി. കെട്ടിട നിർമാണ തൊഴിലാളി യൂണിയൻ മേഖല കമ്മിറ്റിയെ നിർജീവമാക്കി.
നിരവധി കാര്യങ്ങൾ പറയാനുണ്ടെങ്കിലും ഇപ്പോൾ പറയുന്നില്ലെന്നും സാഹചര്യം വന്നാൽ അതൊന്നും വെളിപ്പെടുത്താൻ മടിക്കുകയില്ലെന്നും ഇവർ പറഞ്ഞു.
ഇടത് പക്ഷം ശിഥിലമാകുന്ന സമീപനം സ്വീകരിക്കില്ലെന്നും വിപുലമായ യോഗം ഭാവി നിലപാടുകൾ സ്വീകരിക്കും. ഏരിയ സമ്മേളനത്തിൽ ഇവരുടെ രാജി വലിയ ചർച്ചക്കിടയാക്കും. ഇവർ സി.പി.ഐയിൽ ചേരുമെന്നാണറിയുന്നത്.

പള്ളുരുത്തി ഏരിയ സമ്മേളനത്തിന് കൊടി ഉയർന്നു

പള്ളുരുത്തി : കൊച്ചിയിൽ സി.പി.എം. ഏരിയ സമ്മേളനത്തിന് കൊടി ഉയർന്നു. രണ്ട് ദിവസത്തെ സമ്മേളനത്തിൽ ശനിയാഴ്ച രാവിലെ 9 ന് പ്രതിനിധി സമ്മേളനം സിപിഎം സംസ്ഥാന കമ്മിറ്റി അംഗം കെ ചന്ദ്രൻ പിള്ള ഉദ്ഘാടനം ചെയ്യും. ജില്ലാ സെക്രട്ടേറിയറ്റ് അംഗങ്ങളായ ജോൺ ഫെർണാണ്ടസ്, കെ.ജെ ജേക്കബ്ബ് എന്നിവർ പങ്കെടുക്കും.
പാർട്ടിക്ക് ഇപ്പോൾ 1932 അംഗങ്ങളും, 131 ബ്രാഞ്ചുകളുമുണ്ട്. കൊച്ചി നഗരസഭ 21 ഡിവിഷനുകളിലായി പത്ത് ലോക്കൽ കമ്മിറ്റികളുമുണ്ട്. തുറമുഖ നഗരമായ കൊച്ചി തൊഴിലാളികളുടെ ശക്തികേന്ദ്രമാണ്.

'കിരണം' സ്വാഗതാർഹമെന്ന് ഹോമിയോ അസോ.

കൊച്ചി: കുട്ടികളിലെ കോവിഡ് പ്രതിരോധത്തിനായുള്ള കേരള സർക്കാർ ആയുർവേദപദ്ധതിയായ കിരണം തുടങ്ങാനുള്ള തീരുമാനം സ്വാഗതാർഹമെന്ന് കേരള സ്റ്റേറ്റ് ഗവ.ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ. കേന്ദ്ര ആയുഷ് വകുപ്പിന്റെ അംഗീകാരത്തോടെയുള്ള ഈ പദ്ധതി കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് ഫലപ്രദമാകുമെന്നും എല്ലാ സ്കൂൾ വിദ്യാർഥികൾക്കും ലഭ്യമാകുന്ന തരത്തിൽ ആവശ്യമായ ഫണ്ടുകൾ അനുവദിച്ച് കാര്യക്ഷമമാക്കണമെന്നും ഭാരവാഹികളായ ആയുർവേദ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ. ആർ. കൃഷ്ണകുമാർ, സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി. ജെ. സെബി എന്നിവർ ആവശ്യപ്പെട്ടു.

പോസ്റ്റർ പ്രകാശനം ചെയ്തു

കാക്കനാട്: തുറന്നു പ്രവർത്തിക്കുന്ന സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനായി ജില്ലാ ആരോഗ്യ വിഭാഗം തയ്യാറാക്കിയ പോസ്റ്ററുകൾ ജില്ലാ കളക്ടർ ജാഫർ മാലിക് പ്രകാശനം ചെയ്തു. ജില്ലാ സർവൈലൻസ് ഓഫീസറും അഡി. ഡി.എം.ഒയുമായ ഡോ.ശ്രീദേവി എസ് , വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഹണി.ജി അലക്സാണ്ടർ, ജില്ലാ എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ശ്രീജ, ഡെപ്യൂട്ടി ജില്ലാ എഡ്യൂക്കേഷൻ മീഡിയ ഓഫീസർമാരായ രജനി, ഭവില തുടങ്ങിയവർ പങ്കെടുത്തു.



● സിനിമാതാരം രമേഷ് പിഷാരടി സ്ട്രോക്ക് ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവഹിക്കുന്നു. രാജഗിരി ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺസൺ വാഴപ്പിള്ളി സമീപം .

രാജഗിരിയിൽ സ്ട്രോക്ക് ക്ലിനിക്കിന്റെ ഉദ്ഘാടനം

ആലുവ : രാജഗിരി ആശുപത്രിയിൽ ലോക സ്ട്രോക്ക് ദിനത്തോടനുബന്ധിച്ച് സ്ട്രോക്കിനുള്ള അത്യാധുനിക ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷയത്തോടെ ആരംഭിച്ച സ്ട്രോക്ക് ക്ലിനിക്കിന്റെ ഉദ്ഘാടനം സിനിമാതാരം രമേഷ് പിഷാരടി നിർവഹിച്ചു.
രാജഗിരി ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺസൺ വാഴപ്പിള്ളി ഇങ്കെ അധ്യക്ഷത വഹിച്ച ചടങ്ങിൽ ന്യൂറോളജി വിഭാഗം മേധാവി ഡോ. ജിജി കുരുട്ടുകുളം സ്ട്രോക്കിന്റെ ലക്ഷണങ്ങളെക്കുറിച്ചും ചികിത്സയെക്കുറിച്ചും സ്ട്രോക്ക് ക്ലിനിക്കിന്റെ പ്രവർത്തനത്തെക്കുറിച്ചും വിശദീകരിച്ചു. ആലുവ രാജഗിരി ആശുപത്രിയിൽ എല്ലാ ബുധനാഴ്ചയും ഉച്ചക്ക് ശേഷം 2 മണി മുതൽ 4 മണി വരെ സ്ട്രോക്ക് ക്ലിനിക് പ്രവർത്തിക്കും. 8330811911 എന്ന ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രോക്ക് ഹെല്പ് ലൈൻ നമ്പറും പൊതുജനങ്ങൾക്കായി ഇതിനോടൊപ്പം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

● കോർപറേഷൻ പരിധിയിൽ അടിയന്തരമായ ചെയ്തുതീർക്കേണ്ട പ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ളാൻ കേരള കോൺഗ്രസ് എം ജില്ലാ കമ്മിറ്റി ജില്ലാ പ്രസിഡന്റ് ബാബു ജോസഫ് കോർപറേഷൻ മേയർ എം. അനിൽകുമാറിന് കൈമാറുന്നു.

മാസ്റ്റർപ്ളാൻ മേയർക്കു കൈമാറി

കൊച്ചി: കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ അടിയന്തരമായി ചെയ്ത് തീർക്കേണ്ട പ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ലാൻ മേയർക്കു പാർട്ടി ജില്ലാ പ്രസിഡന്റ് ബാബു ജോസഫ് സമർപ്പിച്ചു.
പാർട്ടി നേതാക്കളായ വി.വി . ജോഷി, ടോമി ജോസഫ്, ജോസി പി. തോമസ്, ധനേഷ് മാഞ്ഞൂരാൻ, സാലി ജോൺ,സാബു നിരപ്പുകാട്ടിൽ, ജയിംസ് മാത്യു, ബേബിച്ചൻ പയിനുംതറ,സിറിയക്ക് ഐപ്പ്, സോണി ജോബ്, സി.സി. ചാണ്ടി, പി.ജി. കുഞ്ഞുമോൻ, ജോസ് കോയിത്തറ, ബിജോയ് ചെറിയാൻ, ബിൻസി ബൈജു എന്നിവർ പങ്കെടുത്തു.

വധശ്രമം: പ്രതികൾ പിടിയിൽ

കൊച്ചി: മട്ടാഞ്ചേരി സ്വദേശിയായ മഹേഷ് കുമാർ ഡി ഷിനോയിയെ കൊലപ്പെടുത്താൻ
ശ്രമിച്ച മട്ടാഞ്ചേരി മുരിക്കും തറ സ്വദേശി മനോജ്(34), മട്ടാഞ്ചേരി ചക്കാമാടം സ്വദേശി ടോണി മാത്യു (27) മട്ടാഞ്ചേരി ചിത്തുപറമ്പ് സ്വദേശി ഹാഷിം.പി.എ (35) എന്നിവർ മട്ടാഞ്ചേരി പോലീസിന്റെപിടിയിലായി. മട്ടാഞ്ചേരി പോലീസ് സ്റ്റേഷനിൽ 25.10.2021ൽ രജിസ്റ്റർചെയ്ത കേസിലെ പ്രതികളാണ് ഇവർ. പ്രതികളെ ഇന്നലെ കൂവപ്പാടം ബസ് സ്റ്റോപ്പിൽ നിന്ന് മട്ടാഞ്ചേരി പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള സംഘമാണ് അറസ്റ്റ് ചെയ്തത്.
അറസ്റ്റ് ചെയ്ത പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

PTL Enterprises Limited

Regd. Office: 3rd Floor, Areekal Mansion, Near Manorama Junction, Panampilly Nagar, Kochi- 682036, Kerala, India
CIN: L25111KL1959PLC009300
Website: www.ptlenterprise.com, **Email:** investors@ptlenterprise.com
Tel: 0484-4012046, 4012047, **Fax:** (0484) - 4012048

EXTRACT OF UNAUDITED FINANCIAL RESULTS FOR THE QUARTER AND HALF YEAR ENDED SEPTEMBER 30, 2021

₹ LAKHS

SL. No.	PARTICULARS	QUARTER ENDED		HALF YEAR ENDED	YEAR ENDED
		30.09.2021	30.09.2020	30.09.2021	31.03.2021
		(UNAUDITED)		(UNAUDITED)	(AUDITED)
1	Total income from operations	1,581.20	1,581.20	3,161.52	6,322.15
2	Net profit for the period (before tax & exceptional items)	1,591.95	1,271.03	2,812.26	5,617.16
3	Net profit for the period before tax (after exceptional items)	1,591.95	1,271.03	2,812.26	8,552.80
4	Net profit for the period after tax (after exceptional items)	1,206.30	906.42	2,083.05	7,004.46
5	Total comprehensive income for the period [comprising profit for the period (after tax) and other comprehensive income (after tax)]	1,277.18	2,562.99	2,304.81	16,477.77
6	Paid-up equity share capital (equity shares of ₹ 2 each)	1,323.77	1,323.77	1,323.77	1,323.77
7	Reserves excluding revaluation reserves				28,728.32
8	Earnings per share (of ₹ 2 each) (not annualised)				
	Basic (₹)	1.82	1.37	3.15	10.58
	Diluted (₹)	1.82	1.37	3.15	10.58

The above is an extract of the detailed format of quarter and half year ended September 30, 2021 financial results filed with the stock exchanges under Regulation 33 of the SEBI (Listing Obligations & Disclosure Requirements) Regulations, 2015. The full format of the quarter and half year ended September 30, 2021 financial results are available on the stock exchange websites (National Stock Exchange of India Limited (www.nseindia.com) & BSE Limited (www.bseindia.com)) and on the Company's website (www.ptlenterprise.com).

For and on behalf of the Board of Directors of
PTL ENTERPRISES LTD.

Place : Gurgaon
Date : October 29, 2021

Sd/-
ONKAR KANWAR
Chairman